# പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം 17** | **12/01/2021-ൽ മറുപടിയ്ക്ക്**

**ലൈഫ് മിഷൻ പദ്ധതി**

| ചോദ്യം<br><br>ശ്രീ. കെ. ജെ. മാക്സി | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാരിന്റെ പദ്ധതിയായ ലൈഫ് മിഷൻ മുഖേന ഈ സർക്കാർ എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകി; വ്യക്തമാക്കുമോ; | (എ) | സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് ഭവന പദ്ധതി വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന സംസ്ഥാന/ കേന്ദ്ര സർക്കാർ ഭവന പദ്ധതികൾ ഏകോപിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് നടപ്പിലാക്കിവരുന്നത്. നാളിതുവരെ **2,50,547** വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് കൊച്ചി നിയോജകമണ്ഡലത്തിൽ നിർമ്മിച്ചു നൽകിയിട്ടുള്ള വീടുകളുടെയും ഫ്ലാറ്റ് സമുച്ചയങ്ങളുടെയും വിശദാംശം ലഭ്യമാക്കുമോ; | (ബി) | കൊച്ചി നിയോജക മണ്ഡലത്തിൽ 3,783 വീടുകൾ പൂർത്തീകരിച്ചു നൽകിയിട്ടുണ്ട്. |
| (സി) | കൊച്ചി നിയോജകമണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; മണ്ഡലത്തിൽ നിലവിൽ എത്ര വീടുകളാണ് നിർമ്മിതിയിലുള്ളത്; ആയത് എന്നത്തേയ്ക്ക് പൂർത്തികരിച്ച് നൽകാനാകും; | (സി) | കൊച്ചി നിയോജകമണ്ഡലത്തിലെ 3,783 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഇപ്പോൾ നിർമ്മാണ പുരോഗതിയിലുള്ള 1,711 വീടുകൾ 30.06.2021-നകം പൂർത്തീകരിക്കാൻ സാധിക്കും. |
| (ഡി) | ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് **2021** മാർച്ച് **31**-നകം സംസ്ഥാനത്ത് എത്ര വീടുകൾ കൂടി നിർമ്മിച്ചു നൽകാനാകും; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് **2021** മാർച്ച് **31**-നകം സംസ്ഥാനത്ത് **15,000** വീടുകൾ (**ലൈഫ്-10,000,** പി.എം.എ.വൈ(നഗരം) ലൈഫ് - **5000**) പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. |

Reena

സെക്ഷൻ ഓഫീസർ